LIBRARY ARCHIVES Kerala Legislative Assembly

യന്ത്രവൽകൃത റാട്ടുകളിൽ പരിശീലനം

90 [1222] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
" ജോർജ് ജെ. മാത്യു:
" ഇ. എം. അഗസ്തി:
" സി. പി. മുഹമ്മദ്:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയിൽ യന്ത്രവൽകൃത റാട്ടുകളിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(ബി) പരിശീലനം ലഭിച്ച എല്ലാവർക്കും യന്ത്രവൽകൃത റാട്ടുകൾ വിതരണം ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര പേർക്കുകൂടി ഇവ നൽകുവാനുണ്ട്;

(ഡി) ഇത് എന്നത്തേയ്ക്ക് നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 1306 പേർക്ക് യന്ത്രവൽകൃത പരമ്പരാഗത റാട്ടുകളിൽ പരിശീലനം നൽകി കഴിഞ്ഞു. 615 പേർക്ക് കൂടി ഇത്തരം റാട്ടുകളിൽ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

(സി) പരിശീലനം ലഭിച്ചവരിൽ 781 പേർക്ക് യന്ത്രവൽകൃത പരമ്പരാഗത റാട്ടുകൾ നൽകുവാനുണ്ട്.

(ഡി) ആവശ്യപ്രകാരമുള്ള റാട്ടുകൾ ലഭ്യമായാൽ 6 മാസത്തിനകം റാട്ടുകൾ വിതരണം ചെയ്യാൻ സാധിക്കും.

കയർ തൊഴിലാളി ക്ഷേമനിധിയുടെ ആഭിമുഖ്യത്തിലുള്ള ഓൾഡ്ഏജ് ഹോമുകൾ

91 [1223] ശ്രീ. കെ. സി. വേണുഗോപാൽ:
" എം. എ ചന്ദ്രശേഖരൻ:
" വി. ഡി. സതീശൻ:
" കെ. മോഹൻകുമാർ:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമനിധിയുടെ ആഭിമുഖ്യത്തിൽ ഓൾഡ്ഏജ് ഹോമുകൾ നടത്തിവരുന്നുണ്ടോ;

(ബി) എങ്കിൽ എത്ര; എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) ഈ ഹോമുകളിൽ എത്ര അന്തേവാസികളുണ്ട്. ഇവർ സ്ഥിരമായി താമസിക്കുന്നവരാണോ;

(ഡി) ഇവരുടെ മുഴുവൻ ചെലവുകളും കയർ തൊഴിലാളി ക്ഷേമനിധി ബോർഡാണോ വഹിക്കുന്നത്;

(ഇ) എന്നു മുതലാണ് കയർ തൊഴിലാളികൾക്കുവേണ്ടി ഈ പദ്ധതി ആരംഭിച്ചത് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു വൃദ്ധസദനം നടത്തിവരുന്നുണ്ട്. എന്നാൽ ഇത് സാമൂഹ്യക്ഷേമ വകുപ്പിന് കൈമാറുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒരെണ്ണം. ആലപ്പുഴയിൽ.

(സി) ആകെ അന്തേവാസികൾ 13 പേർ. ഇവരെല്ലാം അവിടെ സ്ഥിരമായി താമസിക്കുന്നവരാണ്.

(ഡി) അതെ.

(ഇ) 1996 മുതൽ. (13-5-1996)

കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്നും തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം

92 [1224] ശ്രീ. അടൂർ പ്രകാശ്:
" കെ. എ. ചന്ദ്രൻ:
" എൻ. ശക്തൻ:
" പി. ടി. തോമസ്:
" കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമനിധിയിൽനിന്നും കയർ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുകയാണ് നൽകുന്നത്;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര പേർക്ക് ഈ ഇനത്തിൽ ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.എസ്.എൽ.സി.-ക്കുശേഷമുള്ള തുടർവിദ്യാഭ്യാസത്തിന് 500 രൂപയും ബിരുദാനന്തര കോഴ്സിന് 1,500 രൂപയും നൽകുന്നു.

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് 7772 പേർക്ക് ഈ ഇനത്തിൽ ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly